"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- മുനിസിപ്പൽ കോമൺ സർവ്വീസിൽ പാലക്കാട് ജില്ലയിൽ ലോറി ക്ലീനർ തസ്തികയിൽ വന്ന മൂന്ന് ഒഴിവുകളിലെ പി.എസ്.സി അഡ്വൈസിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകുന്നതിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.1754/2025/LSGD തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:- 1. 22.12.2022 തീയതിയിലെ സ.ഉ(കൈ)നം.277/2022/തസ്വഭവ - നമ്പർ ഉത്തരവ്.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.05.2025, 23.06.2025 തിയതികളിലെ LSGD/PD/9071/2023-DEF3 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം 2 കത്ത് പ്രകാരം മുൻ മുൻസിപ്പൽ കോമൺ സർവ്വീസിൽ പാലക്കാട് ജില്ലയിൽ ലോറി ക്ലീനർ തസ്തികയിൽ വന്ന മൂന്ന് ഒഴിവുകൾ നഗരകാര്യ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 03/08/2021 ൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ പാലക്കാട് ജില്ലാ ഓഫീസിൽ റിപ്പോർട്ട് ചെയ്തിരുന്നതിൻപ്രകാരം 30/06/2018 ൽ നിലവിൽ വന്ന ലാസ്റ്റ് ഗ്രേഡ് (വിവിധം) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മൂന്ന് ഉദ്യോഗാർത്ഥികളെ ലോറി ക്ലീനർ തസ്തികയിലേക്ക് 06.03.2025 ലെ കത്ത് പ്രകാരം പി.എസ്.സി. നിയമന ശിപാർശ ചെയ്തിട്ടുണ്ട് എന്നും നിലവിൽ പാലക്കാട് ജില്ലയിൽ ലോറി ക്ലീനർ തസ്തികയിൽ മൂന്ന് ഒഴിവുകൾ ഉള്ളതായും അറിയിക്കുകയുണ്ടായി. 2022-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് സബോർഡിനേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുൻപേ മുനിസിപ്പൽ കോമൺ സർവീസിൽ ക്ലീനർ/ലോറി ക്ലീനർ, വർക്ക്ഷോപ്പ് ക്ലീനർ എന്നീ തസ്തികകളാണ് ഉണ്ടായിരുന്നത് എന്നും എന്നാൽ പരാമർശം 1 ഉത്തരവ് പ്രകാരം മുൻ മുൻസിപ്പൽ കോമൺ സർവ്വീസിലെ 26 ക്ലീനർ തസ്തികകൾ നിർത്തലാക്കി ഉത്തരവായിട്ടുള്ളതിനാൽ പി.എസ്.സി. നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുന്നതിൽ പ്രിൻസിപ്പൽ ഡയറക്ടർ സ്പഷ്ടീകരണം തേടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 22.12.2022ലെ പരാമർശം 1 ഉത്തരവ് പ്രകാരം വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിക്കുന്നതിന് മുൻപേയാണ് ലോറി ക്ലീനർ തസ്തികയിലെ 3 ഒഴിവുകൾ നഗരകാര്യഡയറക്ടർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നതിനാൽ, ടി ഉദ്യോഗസ്ഥരുടെ സേവന കാലാവധി അവസാനിക്കുന്ന/ ഒഴിവുകൾ

നിലവിൽ വരുന്ന മുറയ്ക്കോ, ലാസ്റ്റ് ഗ്രേഡ് (വിവിധം) റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്ന മറ്റ് തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തസ്തികമാറ്റം അനുവദിച്ച് കൊണ്ടോ ടി തസ്തികകൾ ഇല്ലാതാകുന്നതാണെന്ന നിബന്ധനയോടെ, ടി 3 ഉദ്യോഗാർത്ഥികൾക്കു പി.എസ്.സി അഡ്വൈസിന്റെ അടിസ്ഥാനത്തിൽ, നിയമന ഉത്തരവ് നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, പാലക്കാട് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-07-2025 13:03:00
സെക്ഷൻ ഓഫീസർ